DESPATCHED
On 25/02/2020

10/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic@kerala.nic.in


**ഹർജി നമ്പർ CP.No. 668(5)/19/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 12906/SIC-G7/2019**

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| **ശ്രീ. ജിനേഷ്. ആർ. S/o രാജൻ,<br>ബെഥേൽ ഹൗസ്,<br>പറമ്പുവിള, നെയ്യനാട്<br>പ്ലാമൂട്ടുക്കട പി.ഒ.,<br>തിരുവനന്തപുരം.** | **പരാതിക്കാരൻ** |
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>ചാനൽ സബ് ഡിവിഷൻ,<br>നെയ്യാറ്റിൻകര, തിരുവനന്തപുരം – 695 121.** | **എതിർകക്ഷി** |

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 19.06.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 16.07.2019 |
| കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ച തീയതി | 01.08.2019 (received date) |
| ഹിയറിംഗ് തീയതി, സ്ഥലം | 22.10.2019, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. പരാതിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്.

   1) പ്ലാമൂട്ടുക്കട നെല്ലനാട് പ്രദേശത്ത് ഇറിഗേഷൻ വക സബ് ചാനൽ കോൺക്രീറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ടി ഓഫീസിൽ ലഭിച്ചിരുന്നോ.
   2) ആയതിൻമേൽ എന്ത് നടപടി സ്വീകരിച്ചു.
   3) 10.05.2019 തീയതിയിൽ ഇതുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ സമർപ്പിച്ചിരുന്ന പരാതി റിപ്പോർട്ട് നൽകുന്നതിനായി ടി ഓഫീസിലേയ്ക്ക് അയച്ചിരുന്നോ, എന്നിങ്ങനെ 8 വിവരങ്ങളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് എതിർകക്ഷിയിൽ നിന്ന് വിവരം ലഭ്യമാകാത്തതിനെ തുടർന്ന് പരാതിക്കാരൻ കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചു. പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു.

3. നേർവിചാരണയ്ക്ക് ഹാജരായ എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. പരാതിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ വിവരങ്ങളും എൻ.ഐ.പി. ചാനൽ സെക്ഷൻ പാറശ്ശാലയുടെ കീഴിൽ വരുന്നതാണെന്നും ആയതിനാൽ ടി കത്തിന്റെ പകർപ്പ് ടി ഓഫീസർക്ക് ഇ-മെയിൽ സന്ദേശം മുഖേന മറുപടി നൽകുന്നതിനായി നൽകിയിട്ടുണ്ട് എന്നും ആവശ്യപ്പെട്ട റിപ്പോർട്ട് അസിസ്റ്റന്റ് എഞ്ചിനീയർ പാറശ്ശാല, ടി ഓഫീസിൽ നൽകുകയും ഈ കാര്യാലയത്തിൽ നിന്നും മേലധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇറിഗേഷൻ ഡിവിഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട് എന്നുമാണ് എസ്.പി.ഐ.ഒ. റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കൂടാതെ പാറശ്ശാല ചാനൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നേരിട്ട് 19.06.2019 ൽ അപേക്ഷ നൽകുകയും ചോദ്യങ്ങൾക്കുള്ള മറുപടി 16.07.2019 ന് പരാതിക്കാരന് നൽകിയിരുന്നു എന്നും അറിയിക്കുന്നുണ്ട്.

4. പരാതി ഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, ടിയാൻ ആവശ്യപ്പെട്ട വിവരം പ്രസ്തുത ഓഫീസിൽ ലഭ്യമല്ലാതിരുന്നതാണെന്നും എന്നാൽ പരാതിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമായിട്ടുണ്ട് എന്നും കമ്മീഷന് ബോദ്ധ്യപ്പെട്ടു. 19.06.2019 ലെ വിവരാവകാശ അപേക്ഷയ്ക്ക് 16.07.2019 തീയതി ബന്ധപ്പെട്ട ഓഫീസിൽ നിന്ന് മറുപടി ലഭ്യമായിട്ടുണ്ട് എന്നും കമ്മീഷൻ വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത പരാതി ഹർജിയിന്മേൽ എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ട് കമ്മീഷൻ അംഗീകരിക്കുന്നുണ്ട് എങ്കിലും മറ്റൊരു വസ്തുത എസ്.പി.ഐ.ഒ.യുടെ ശ്രദ്ധയിൽപ്പെടുത്താൻ കമ്മീഷൻ ആഗ്രഹിക്കുന്നു. വിവരാവകാശ നിയമപ്രകാരം സമർപ്പിക്കുന്ന അപേക്ഷയിന്മേൽ 7(1) പ്രകാരം മറുപടി നൽകുമ്പോൾ അപേക്ഷകന് എസ്.പി.ഐ.ഒ. നൽകുന്ന മറുപടികളിൽ തൃപ്തനാകാത്ത സാഹചര്യത്തിൽ അപ്പീൽ സമർപ്പിക്കുവാൻ അവസരം നൽകേണ്ടതും ആയതിലേയ്ക്കായി ബന്ധപ്പെട്ട അപ്പീൽ അധികാരിയുടെ പേരും, വിലാസവും, അപ്പീൽ കാലാവധി എന്നിവ കൃത്യമായി രേഖപ്പെടുത്തുവാൻ എസ്.പി.ഐ.ഒ. ശ്രദ്ധിക്കേണ്ടതുമാണ്. ഇപ്രകാരം ഈ **പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി മാസം 10 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**

RIGHT TO INFORMAT